(ബി),(സി)&(ഡി) ഇവയിൽ പ്രധാനപ്പെട്ട 14 ശുപാർശകൾ നിയമസഭയിൽ സമർപ്പിക്കുവാനായി നിയമസഭ സെക്രട്ടേറിയറ്റിന് നൽകിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) നിയമസഭയ്ക്കു നൽകിയ 14 ശുപാർശകളുടെയും പകർപ്പുകൾ മേൽനടപടികൾക്കായി ഗവണ്മെന്റിന്റെ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 6 ശുപാർശകൾ സാമൂഹ്യക്ഷേമവകുപ്പിൽ പരിശോധിച്ചു വരുന്നു.

74 (630) പട്ടയദാന പദ്ധതികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. വി.സി. കബീർ :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പട്ടയദാന പദ്ധതി പ്രകാരം എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ബി) കുടിയേറ്റ കർഷകർക്ക് പട്ടയം നൽകിയിട്ടുള്ളത് ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയോടെയാണോ; ആണെങ്കിൽ പ്രസ്തുത വ്യവസ്ഥകൊണ്ട് സർക്കാർ ലക്ഷ്യമാക്കുന്നതെന്താണ്;

(സി) പട്ടയ ഗുണഭോക്താക്കൾ നിശ്ചിത തുക സർക്കാരിന് നൽകണമെന്ന വ്യവസ്ഥ ദുർബലവിഭാഗങ്ങൾക്ക് ബാധകമാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1964-ലെ ഭൂമിപതിവു ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ അതിർത്തികളിലെ ഭൂമി പതിവു ചട്ടങ്ങൾ, ഭൂദാൻ അസൈൻമെന്റ് റൂൾസ്, ലക്ഷം വീട് പദ്ധതി, ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്ക് വീട് വയ്ക്കുവാൻ സ്ഥലം നൽകൽ എന്നീ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് 66,127 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. കൂടതെ 1.1.1977-ന് മുൻപുള്ള വനഭൂമി കയ്യേറ്റങ്ങൾ ക്രമവൽക്കരിക്കുന്ന പദ്ധതി അനുസരിച്ച് 570 പട്ടയങ്ങളും നൽകിയിട്ടുണ്ട്.

(ബി) 1993-ലെ കേരള ഭൂമിപതിവ് (1.1.1977-നു മുൻപുള്ള വനഭൂമി കൈവശ ക്രമീകരണം) സ്പെഷ്യൽ ചട്ടങ്ങളിലെ 15-ാം വകുപ്പ് പ്രകാരം പട്ടയം ലഭിച്ച വനഭൂമി കൈമാറ്റം ചെയ്യാവുന്നതല്ല. പതിച്ചുകിട്ടിയ ഭൂമി അന്യാധീനപ്പെടരുത് എന്നതാണിതിന്റെ ലക്ഷ്യം.

(സി) വനഭൂമി പട്ടയ ഗുണഭോക്താക്കൾ പട്ടയം ലഭിക്കുന്നതിന് സർക്കാരിന് നഷ്ടപരിഹാരത്തുക നൽകണമെന്ന വ്യവസ്ഥയിൽനിന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഒഴിവാക്കിയിട്ടുണ്ട്.

75 (631) മുറിയാർ ഗ്രാമനിവാസികൾക്ക് പട്ടയം നൽകുന്നതിന് നടപടി

ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

---

*അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly